"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥി വകുപ്പ് - സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി - 2025-26 സാമ്പത്തിക വർഷത്തിൽ 3435-04-104-99-PV എന്ന ശീർഷകത്തിൽ നിന്നും ബഡ്ജറ്റ് വിഹിതത്തിൽ നിന്നും നാലാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1/2026/ENVT തീയതി,തിരുവനന്തപുരം, 02-01-2026

---

പരാമർശം:-

1. 10.04.2025 തീയതിയിലെ സ.ഉ (സാധാ) നം.41/2025-പരി
2. 02.08.2025 തീയതിയിലെ സ.ഉ (സാധാ) നം.74/2025-പരി
3. 23.10.2025 തീയതിയിലെ സ.ഉ (സാധാ) നം.110/2025-പരി
4. പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറുടെ 04-12-2025 തീയതിയിലെ SEIAA/117/2025 നമ്പർ കത്ത്.

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ സാധൂകരണത്തിന് വിധേയമായി 2025-26 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിക്ക് അനുവദനീയമായ ബജറ്റ് വിഹിതമായ 160 ലക്ഷം രൂപയിൽ നിന്നും പരാമർശം (1) ഉത്തരവ് പ്രകാരം 30,00,000/- ലക്ഷം രൂപ (മുപ്പത് ലക്ഷം രൂപ) ആദ്യ ഗഡുവായും, പരാമർശം (2) ഉത്തരവ് പ്രകാരം 50,00,000/- ലക്ഷം രൂപ (അൻപത് ലക്ഷം രൂപ) രണ്ടാം ഗഡുവായും, പരാമർശം (3) ഉത്തരവ് പ്രകാരം 30,00,000/- ലക്ഷം രൂപ (മുപ്പത് ലക്ഷം രൂപ) മൂന്നാം ഗഡുവായും അനുവദിച്ചിരുന്നു. 2025 ഡിസംബർ മാസത്തെ ശമ്പളം, SEIAA/SEAC ചെയർമാൻമാരുടെയും അംഗങ്ങളുടെയും ഓണറേറിയം, സിറ്റിംഗ് ഫീ, അതോറിറ്റി യോഗ ചെലവുകൾ, HC & NGT സ്റ്റാൻഡിംഗ് കൗൺസൽ ഓണറേറിയം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നിലവിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ബാക്കിയുള്ള ₹50 ലക്ഷം നാലാം ഗഡുവായി അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (4) കത്ത് പ്രകാരം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടർ സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2025-26 സാമ്പത്തിക വർഷത്തിൽ 3435-04-104-99-PV എന്ന ശീർഷകത്തിൽ നിന്നും സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിക്ക് നീക്കിയിരിപ്പുള്ള തുകയായ 50 ലക്ഷം രൂപ (അൻപത് ലക്ഷം രൂപ മാത്രം) നാലാം ഗഡുവായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സീറാം സാംബശിവ റാവു ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

1. ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്

2. അഡ്മിനിസ്ട്രേറ്റർ, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള
4. ധന വകുപ്പ് (3110286 - Exp-B3/134/2025-Fin dated 27.12.2025)
5. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
6. കരുതൽ ഫയൽ/ഒഫീസ് കോപ്പി (ENVT-A1/284/2025-ENVT)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Royi J
Date: 03-01-2026 10:44:45